ക്കുന്ന രണ്ട് ഒഴിവുകളിലേയ്ക്ക് നിയമനശുപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി) 304 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 304 ഒഴിവുകൾ.

(ഡി) 'ബി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

27 (30) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇതിൽ മുസ്ലീം വിഭാഗത്തിന് ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും 25.11.2000-ന് ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് എത്ര പേർക്കു കൂടി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് ഇതുവരെ പി.എസ്.സി. 2148 പേർക്ക് നിയമന ശുപാർശ നൽകുകയും, ബോർഡ് 1833 പേർക്ക് നിയമനം നൽകിയിട്ടുമുണ്ട്. ഇതിൽ മുസ്ലീം വിഭാഗത്തിന് 4795-ാം റാങ്ക് വരെയുള്ളവർക്ക് പി.എസ്.സി. നിയമന ശുപാർശ നടത്തിയിട്ടുണ്ട്.

(ബി) 25.11.2000 ന് ശേഷം 193 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) കൃത്യമായ കണക്ക് നൽകുവാൻ ഇപ്പോൾ നിർവ്വാഹമില്ല. 4.12.2000-ൽ 315 പേരുടെ അഡ്വൈസ് ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓപ്പൺ കോട്ടയിലുള്ള ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്യുന്നതും, അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതുമാണ്.

28(31) പുത്തൻ സാമ്പത്തികനയത്തിൽ അധിഷ്ഠിതമായ ആഗോള ഉദാര-സ്വകാര്യവത്കരണ നയം

ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പിന്തുടരുന്ന പുത്തൻ സാമ്പത്തികനയം സംസ്ഥാനത്തിന്റെ വികസനത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പുത്തൻ സാമ്പത്തിക നയത്തിൽ അധിഷ്ഠിതമായ ആഗോള-ഉദാര സ്വകാര്യവത്കരണ നയം സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചയേയും വികസനത്തേയും സഹായിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പുത്തൻ സാമ്പത്തികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കയറ്റിറക്കുമതി നയം സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു പരിഹാരം കാണുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇറക്കുമതിയെത്തുടർന്ന് കാർഷിക-വ്യാവസായിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ തീരുവ വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ആഗോള-ഉദാര-സ്വകാര്യവത്കരണ നയത്തിന്റെ ഫലമായി സംസ്ഥാന സർക്കാർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തികനയങ്ങൾ നമ്മുടെ കാർഷിക വ്യാവസായിക സമ്പദ്ഘടനയെയും പൊതുവിതരണസംവിധാനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. കാർഷിക വിഭവങ്ങളുടെ സ്വതന്ത്ര ഇറക്കുമതി അനുവദിക്കുക വഴി സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വിലത്തകർച്ച ഉണ്ടായിട്ടുണ്ട്. നാളികേരത്തിന്റേയും റബറിന്റേയും ഇറക്കുമതി അടുത്ത സാമ്പത്തിക വർഷം മുതൽ സ്വതന്ത്രവൽക്കരിക്കുന്നതാണ്. അതോടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ സങ്കീർണ്ണമായിത്തീരുമെന്ന് മാത്രമല്ല, സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാകുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യും. കൂടാതെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായുള്ള റേഷൻ സാധനങ്ങളുടെ സബ്സിഡി നിർത്തലാക്കിയ നടപടി സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ വളരെയധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇല്ല. സംസ്ഥാനത്തെ പ്രധാന കാർഷികോൽപ്പന്നങ്ങളായ തേയില, കാപ്പി, ഏലം, കുരുമുളക്, കശുവണ്ടി, സമുദ്രോൽപ്പന്നങ്ങൾ, പ്രധാന ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ മുതലായവ എല്ലാം തന്നെ ഇതിനകം സ്വതന്ത്ര ഇറക്കുമതി പട്ടികയിൽ വന്നു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥന മാനിച്ച് റബ്ബറും നാളികേരവും ഇപ്പോൾ നിയന്ത്രിത വിഭാഗത്തിൽ നിലനിർത്തപ്പെട്ടിട്ടുണ്ടെങ്കിലും അവ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ടയറുകൾ, നാളികേരോൽപ്പന്നങ്ങൾ എന്നിവ ഇപ്പോൾ തന്നെ സ്വതന്ത്ര ഇറക്കുമതി പട്ടികയിലാണ്. എല്ലാ കാർഷികോൽപ്പന്നങ്ങളിന്മേലുമുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ 2001-ഓടെ നീക്കപ്പെടും. ഇത്തരം നടപടികൾ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയേയും സമ്പദ് വളർച്ചയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി,ഡി) ഉണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച തടയുന്നതിനുവേണ്ടി റബ്ബർ, കൊപ്ര എന്നീ പ്രധാന കാർഷിക വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തി. പൊതുജനങ്ങൾക്ക് സബ്സിഡി നൽകി റേഷൻ അരി വില കുറച്ചു നൽകിവരുന്നു. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ നടപ്പു സാമ്പത്തിക വർഷം 111 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദീർഘകാലാടിസ്ഥാനത്തിലുള്ള സമയബന്ധിതമായ കർമ്മപരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സംസ്ഥാന ഗവൺമെന്റിനെ ഉപദേശിക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയും ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിന് വിവിധ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശുപാർശകൾക്ക് അനുസരിച്ച് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന നയം തിരുത്തുന്നതിനാവശ്യമായ പൊതുജനാഭിപ്രായം ഉണ്ടാക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ഇ, എഫ്) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതിനയംമൂലം സംസ്ഥാനത്തെ കാർഷിക വ്യാവസായിക മേഖലകൾ അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ ബന്ധപ്പെട്ട ഇറക്കുമതി തീരുവകൾ ഉയർത്തിക്കൊണ്ട് പരിഹരിക്കേണ്ടതാണെന്ന് നിരന്തരം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങൾക്ക് അനുകൂലമല്ല.

(ജി) ഇത്തരം നയങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ കൈക്കൊണ്ടുവരുന്ന തീരുമാനങ്ങളും നടപടികളും സംസ്ഥാനത്തിന്റെ സമ്പദ്വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നവയാണ് എന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ പ്രധാന കയറ്റുമതി വിഭവങ്ങളായ സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ പച്ചക്കറി, കശുവണ്ടി മുതലായവയുടെ ഉൽപ്പാദനത്തിലും സംസ്കരണത്തിലും ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിനു കർഷകരുടേയും തൊഴിലാളികളുടേയും വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്ന ഇത്തരം നയത്തിന്റെയും നടപടികളുടേയും ദോഷഫലങ്ങൾ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതകളുണ്ടാക്കും. ഇത്തരത്തിൽ തൊഴിൽരഹിതരാകുന്നവരുടെ പുനരധിവാസത്തിനോ പകരം മറ്റു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ സംസ്ഥാന സർക്കാരിന് വളരെയധികം പരിമിതികളുണ്ട്. സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ്ഘടന നാളികേരം, റബ്ബർ എന്നിവയുടെ വിലയിടിവോടെ തകർന്നു കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയോടൊപ്പം ഭൂരിപക്ഷം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്നതും സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ആയാസകരമായ ഒരു കാര്യമാണ്.

29(32) പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി എടുത്ത വായ്പ

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി എന്തു തുക വായ്പയെടുത്തിട്ടുണ്ട്;

(ബി) ഇപ്രകാരം വായ്പയെടുത്ത തുകയിൽ നിന്ന് ജനകീയാസൂത്രണത്തിനു വേണ്ടി എന്തു തുക കൊടുത്തിട്ടുണ്ട്;

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇതിൽ നിന്നും എന്തു തുക പ്രത്യുൽപ്പാദന മേഖലയിൽ ചെലവഴിച്ചു;

(ഡി) ഇതിന്റെ ഫലമായി ഏതെല്ലാം സെക്ടറുകളിലുള്ള ഉൽപ്പാദനം വർദ്ധിക്കുകയും ഇതിന്റെ പ്രയോജനം എത്ര കാലത്തേയ്ക്ക് ഉണ്ടാവുകയും ചെയ്യുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുക ചെലവഴിച്ചതിന്റെ ഫലമായി പ്രത്യുൽപ്പാദന രംഗത്ത് ദീർഘകാല പ്രയോജനം സിദ്ധിക്കാത്ത പക്ഷം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മുരടിപ്പുണ്ടാകാനിടയുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അത് എപ്രകാരം പരിഹരിക്കുവാൻ കഴിയും?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായി സർക്കാർ പ്രത്യേകം വായ്പ എടുക്കാറില്ല. സർക്കാർ എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കാണ് ഉപയോഗിക്കുന്നത്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനകീയാസൂത്രണത്തിനു വേണ്ടി നാല് വാർഷിക പദ്ധതികളിലായി ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 3764 കോടി രൂപയും സംസ്ഥാന ആവിഷ്കൃത പദ്ധതി, വിവിധ വികസന വകുപ്പുകൾ മുഖേന നിർവഹണം നടത്തുന്ന പരിപാടികൾ എന്നീ ഇനങ്ങളിൽ 301.11 കോടി രൂപയും ഉൾപ്പെടെ ആകെ 4565.11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഓരോ വാർഷിക പദ്ധതിയിലും സംസ്ഥാനത്തിന്റെ ആകെ വിഭവ സ്രോതസ്സുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി തുക കണക്കാക്കുന്നത്. വായ്പകൾ വിഭവങ്ങളുടെ ഒരു ഇനം മാത്രമാണ്. അതിനാൽ വായ്പത്തുകയിൽ നിന്ന് ജനകീയാസൂത്രണത്തിനു വേണ്ടി നൽകിയ തുക എത്രയെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണത്തിന് നൽകിയ തുകയുടെ 30 ശതമാനത്തോളം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം, മണ്ണു സംരക്ഷണം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുന്ന ഉൽപ്പാദന മേഖലയിൽ ചെലവഴിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു.

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly